## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3885

21/06/2019 ൽ മറുപടിക്ക്

### ഖാദി വ്യവസായത്തിന് പുത്തനുണർവ് നൽകാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.ജെ. മാക്സി | ശ്രീ. ഇ. പി. ജയരാജൻ (വ്യവസായവും സ്പോർട്ട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) ഖാദി ഗ്രാമവ്യവസായ ബോർഡിന്റെ കണക്കനുസരിച്ച് കഴിഞ്ഞ സാമ്പത്തിക വർഷം ഖാദി ഉൽപ്പന്നങ്ങളുടെ വിറ്റുവരവ് എത്രയായിരുന്നുവെന്നും മുൻവർഷത്തെ അപേക്ഷിച്ച് വർദ്ധനവ് എത്രയാണെന്നും വ്യക്തമാക്കുമോ; | (എ) കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ 2017-18 വർഷത്തിലെ ഖാദി വസ്ത്രങ്ങളുടെ വിറ്റ് വരവ് 5176.53 ലക്ഷം രൂപയും 2018-19-ൽ വില്പന 5033.91 ലക്ഷം രൂപയുമാണ്. വർദ്ധനവ് ഉണ്ടായില്ല. |
| (ബി) സർക്കാർ ഉദ്യോഗസ്ഥരും അധ്യാപകരും ഖാദിവസ്ത്രങ്ങൾ ആഴ്ചയിലൊരിക്കൽ ധരിക്കണമെന്ന സർക്കാർ ഉത്തരവ് നിലവിലുണ്ടോ; അത് എത്രമാത്രം പ്രാവർത്തികമായിട്ടുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; | (ബി) സർക്കാർ ഉത്തരവ് പ്രാബല്യത്തിൽ ഉണ്ട്. പ്രത്യേക യൂണിഫോം ചില മേഖലകളിൽ കർശനമാക്കാൻ കഴിയുന്നതുപോലെ ഖാദി / കൈത്തറി തുണിധരിക്കൽ കർശനമാക്കാൻ കഴിയുന്നതല്ല. |
| (സി) ഖാദി ഉൽപന്നങ്ങൾക്ക് നൽകിയിരുന്ന റിബേറ്റിൽ കുറവ് വരുത്തിയിട്ടുണ്ടോ; | (സി) റിബേറ്റ് നിരക്കിൽ കുറവ് വരുത്തിയിട്ടില്ല. ഖാദി ഉല്പന്നങ്ങൾക്ക് നൽകിയിരുന്ന റിബേറ്റ് സംസ്ഥാനത്തിനകത്ത് ഉല്പാദിപ്പിക്കപ്പെടുന്ന ഖാദി ഉല്പന്നങ്ങൾക്ക് മാത്രമായി നിജപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) പ്രസ്തുത വ്യവസായത്തിന് പുത്തനുണർവ് നൽകാൻ സർക്കാർ എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ? | (ഡി) ഖാദി മേഖലയുടെ നിലവിലെ സ്ഥിതി വിലയിരുത്തിയിട്ടുണ്ട്. കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിൽ ഖാദി മേഖലയുടെ സംരക്ഷണത്തിനായി ചർക്കകളുടേയും തറികളുടേയും പരിഷ്കരണം, ഉല്പാദന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, തൊഴിലാളികൾക്ക് മിനിമം കൂലി പരിഷ്കരിക്കുവാനുള്ള നടപടികൾ, ഉത്സവബത്ത 1500 രൂപയാക്കി വർദ്ധിപ്പിച്ചത്, ഉല്പാദന ഇൻസെന്റീവ് ഇരട്ടിയാക്കിയത് (നൂല്പിന് 1 കഴിക്ക് |

60 പൈസയും നെയ്ത്തിന് 1 കഴിക്ക് 1.80 രൂപയും ), ഈ.എസ്.ഐ, ക്ഷേമനിധി ആനുകൂല്യങ്ങൾ, അധ്വാന ഭാരം ലഘൂകരിച്ച് കൂടുതൽ ഉല്പാദനവും കൂലിയും ലഭിക്കാൻ ഉതകുന്നതരത്തിൽ റെഡിമെയ്ഡ് വാർപ്പിംഗ് പോലുള്ള സൗകര്യങ്ങൾ വ്യാപകമാക്കൽ, കേന്ദ്ര ഖാദി കമ്മീഷന്റെ സഹായത്തോടെയുള്ള വർക്ക് ഷെഡ് പദ്ധതി, തൊഴിലാളികൾക്ക് നിശ്ചിത ഇടവേളകളിലെ പരിശീലനം, ഖാദി മേഖലയിൽ പുതുതായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലേക്കായി ഖാദി ഗ്രാമം പദ്ധതി നടപ്പിലാക്കി വരികയും ചെയ്തിരിക്കുന്നു. കൂടാതെ സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതവും, ത്രിതല പഞ്ചായത്തുകളുടെ പദ്ധതി വിഹിതവും ഉപയോഗപ്പെടുത്തി അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി പഴയവയ്ക്കു പകരം പുതിയ യന്ത്ര സാമഗ്രികൾ ലഭ്യമാക്കൽ, ഖാദിയിലെ വൈവിദ്ധ്യ വൽക്കരണം തുടങ്ങിയവയാണ്. ഖാദി തൊഴിലാളികൾക്ക് 2016-17 മുതൽ ഇതേവരെയായി ഇൻകം സപ്പോർട്ട് ഇനത്തിൽ 82.94 കോടി രൂപയും പ്രൊഡക്ഷൻ ഇൻസെന്റീവ്, ഉത്സവബത്ത ഇനത്തിൽ 18 കോടി രൂപയും അനുവദിച്ചു നൽകുകയുണ്ടായി. കൂടാതെ ഖാദി തൊഴിലാളികളുടെ മിനിമം കൂലി 2010-ന് ശേഷം വീണ്ടും പരിഷ്കരിച്ച് പ്രഖ്യാപിക്കുകയും അവ നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിച്ചുവരികയുമാണ്. ചെറുകിട ഖാദി വ്യവസായ സംരംഭകർക്ക് സഹായം ലഭ്യമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാരിന്റെ എന്റെ ഗ്രാമം പദ്ധതി പ്രകാരം ഗ്രാമീണ മേഖലയിൽ കുറഞ്ഞ മൂലധന ചെലവിൽ ബാങ്കിൽ നിന്നും വായ്പ ലഭ്യമാക്കി ആരംഭിക്കുന്ന പുതിയ ഗ്രാമ വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി മൊത്തം പദ്ധതി ചെലവിന്റെ 25% മുതൽ 40% വരെ സബ്സിഡി അനുവദിച്ചു നൽകുന്നു. ഇതിനു പുറമേ പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതി പ്രകാരവും (പി.എം.ജി.പി.) ഗ്രാമീണ മേഖലയിൽ വായ്പ ലഭ്യമാക്കി വരുന്നു.

സെക്ഷൻ ഓഫീസർ